ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടി

59 (3567) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പുകളിലും എത്ര ശതമാനം ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കോടതി ഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോടതിഭാഷയും ഭരണഭാഷയും പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വകുപ്പുകളിലും മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ശതമാന കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. *

(ബി&സി) കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(i) 19/12/2013-ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഒരു ഔദ്യോഗികഭാഷ ഉന്നതതല സമിതി രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തര വകുപ്പും നിയമ വകുപ്പും സ്വീകരിച്ചു വരികയുമാണ്.

(ii) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(iii) കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iv) നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. ഇതിനുപുറമേ പ്രധാനപ്പെട്ട കേന്ദ്ര ആക്ടുകളും സംസ്ഥാന ആക്ടുകളും അവയുടെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി ആയത് യഥേഷ്ടം വിപണിയിൽ ലഭ്യമാക്കുന്നതിനും നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly